# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4752 — 05.02.2014 ലെ മറുപടിക്ക്

**ഗതാഗതതടസ്സം സൃഷ്ടിച്ച ശ്രീ.റോളണ്ട് തോമസ്സിനെതിരെയുള്ള പരാതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ : | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിൽ മുട്ടട കേശവദാസപുരം വാർഡിൽ എൽ.എം.എസ് നഗറിൽ ഹൗസ് നമ്പർ 41 ബി-യിൽ താമസിക്കുന്ന ശ്രീ.റോളണ്ട് തോമസ് അദ്ദേഹത്തിന്റെ വീടിന്റെ മുൻപിൽ തുറസ്സായ സ്ഥലത്ത് റോഡതിരുവരെ ചേർത്ത് ഷീറ്റ് റൂഫോടുകൂടി കാർഷെഡ് നിർമ്മിച്ചിരിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കാർ ഷെഡ് തറനിരപ്പിൽനിന്ന് അല്പം ഉയർന്നതിനാൽ റോഡിലേയ്ക്ക് ഇറക്കി ചരിച്ച് കോൺക്രീറ്റ് ഇട്ട് ഉയർത്തിയിട്ടുള്ള തിനാൽ വീടുകളിലേയ്ക്കുള്ള വാഹന ഗതാഗതം ദുഷ്ക്കരമാകുന്നുവെന്നു കാണിച്ച് മുട്ടട എൽ.എം.എസ്. നഗറിൽ ഹൗസ് നമ്പർ 39 എ-യിൽ താമസിക്കുന്ന ശ്രീ.കെ.ജി.ജയധരനും, ഹൗസ് നമ്പർ 40-ൽ താമസിക്കുന്ന ശ്രീ.ജോളി ഡേവിഡും ചേർന്നു നൽകിയ പരാതിയിന്മേൽ പുറപ്പെടുവിച്ച 12.09.2011 ലെ 41400/ആർ.എ2/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വെളിപ്പെടുത്തുമോ ? | (ബി) ചട്ടവിരുദ്ധമായി കാർഷെഡ് നിർമ്മിച്ചതിനെതിരെയും, പൊതുവഴി കയ്യേറി റാംപ് നിർമ്മിച്ചതിനെതിരെയും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 406-ാം വകുപ്പ് പ്രകാരം അനധികൃത നിർമ്മാണം പൊളിച്ച് മാറ്റുന്നതിന് തിരുവനന്തപുരം നഗരസഭ താൽക്കാലിക ഉത്തരവ് നൽകിയിരുന്നു. ആയതിന് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ഇരുകൂട്ടരേയും 27.01.2014 ന് നഗരസഭാ സെക്രട്ടറി നേരിൽ കേട്ടിരുന്നു. എന്നാൽ പ്രസ്തുത ഹിയറിംഗിൽ കക്ഷികൾ ബന്ധപ്പെട്ട രേഖകളും, അനധികൃത നിർമ്മാണം സാധൂകരിക്കുന്ന ഫോട്ടോയും ഹാജരാക്കാത്തതിനാൽ ആയത് ഹാജരാക്കുന്നതിന് ഒരു അവസരം കൂടി നൽകിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ